Fear is a common emotion in human beings and in other creatures. We know from the creation history found in Genesis that man was created to rule and reign over everything under the rule and authority of Jehovah God (see Genesis 1:26). There was nothing for Adam and Eve to fear as long as they lived in harmony with the LORD. They were the rulers. But disobedience to God put them under fear. Adam admits their fear and acknowledges it to God in response to God’s call (See Genesis 3:10). Since then all humanity lives and survives under fear. Even when man invents, discovers, and advances in so many areas there is fear in one way or another.

We hear about all kinds of “phobia”. The word fear comes from the Greek word “phobos”. There are all kinds of phobia or fear. Fear of being alone for some people, then fear of crowds for other people. Fear of getting sick and fear of doctors, medicines, injections, hospitals, fear of darkness, fear of sleeplessness, fear of death, and so on and so forth. So, the list of fear or phobia is long. But thanks be unto God, for he has told us, His children in His Holy word, “Fear not”. It is said that, “Fear not” or “do not fear” or ``do not be afraid’’ is found 365 times in the Bible. What a comfort it is for the people of God!

Well, then here we read conduct yourselves in fear and again Peter wrote fear God (see 1 Peter 1:17; 2:17; 3:15;). In the Old Testament several words are translated into English as “fear, awe, terror, to be afraid, fear of God etc. In the New Testament “phobia” is the word translated to fear as we have seen. When the disciples saw Jesus walking on water they were terrified (see Mathew 14:26). When Jesus rebuked the wind and the waves, they were afraid (see Mark 4:41). When the widow’s son was raised from the dead in Nain they were fearful (see Luke 7:16). When many wonders and miracles were taking place by the apostles, people were in awe (Acts 2:43).

The one and only true God of the Bible is love. We love Him because He loved us first. There is no fear in love. Perfect love casts out fear (see 1 John 4:16-18). This God is also holy, righteous, hates sin, as we see in the holy scriptures. We read about the wrath of God, the fury of God, the anger of God (see Romans 1:18; Jeremiah 4:4). The wicked have no fear of God (Psalm 36:1).

So let us have a healthy, reverential, respectful, exalted, high view of God our father who is the judge of all without partiality. Let us have full, total complete allegiance to our God. The fear of God is the beginning of wisdom. Blessed are those who fear God and obey His commandments. The Lord takes pleasure in those who fear him (see Proverbs 1:7; Psalms 128:1; Psalms 147:11) Let all the earth fear the LORD; let all the inhabitants of the world stand in awe of HIM (Psalms 33:8).

The Lord takes pleasure in those who fear him. Holy worship is holy. God’s people must be holy. ■

So let us have a healthy, reverential, respectful, exalted, high view of God our father who is the judge of all without partiality. Let us have full, total complete allegiance to our God. The fear of God is the beginning of wisdom. Blessed are those who fear God and obey His commandments. The Lord takes pleasure in those who fear him. Let all the earth fear the LORD; let all the inhabitants of the world stand in awe of HIM (Psalms 33:8).

# Children's corner

## God can use you!



"Let the little children come to me and do not hinder them"

On 6th of January 1850, a 15-year-old boy named Charles, was walking to his place of worship. It was a Sunday morning and due to heavy snowstorm Charles could not go any further, so he stopped in front of a building which happened to be a church.

Charles went inside the church and sat down in the last row. He noticed that only a few people had gathered, and the pastor of the church did not come that Sunday due to unfavourable weather conditions.

When it was time for sermon, one of the church members stood up to preach. Charles later in his autobiography states that by appearance this preacher looked like a poor tailor or a shoemaker. The preacher spoke from Isaiah 42:22 which says, "Look unto me and be ye saved all the ends of the earth for I am God and there is none else". Charles says that the preacher did not even pronounce certain words correctly.



**Juby Anoop, UK**

The preacher kept on repeating the verse 'Look unto me' several times probably for the simple reason that he had nothing else to say.

But this crude message touched the heart of the little boy Charles, and that very day he gave his life to Jesus. This little boy later went on to be the greatest preacher in Christian history called Charles Spurgeon.

So dear children,

Bible says in 1 Corinthians 1:27: "But God chose the foolish things of the world to shame the wise; God chose the weak things of the world to shame the strong". God can use the very little that we have and will bless the initiative that we take for God's glory. ●

# MATRIMONIAL

Radhika Dhawan D/o: Late Pastor Praveen Kumar Dhawan and Mrs. Suraksha Dhawan DOB: 26/07/1995, Age: 26 yrs Height: 5'3, Languages known: English and Hindi. Background : Christian by Faith, Protestant, Punjabi.

Qualifications : M.A English from University of Delhi. B.Ed from MDU. Job details: Working as PGT English (Guest Faculty) Pre-viously worked as a Verbal Trainer for GRE, GMAT and SAT exams.

Hometown and place of birth: Delhi Family Status: Upper Middle Class Mother's Occupation: Professionally retired, currently homemaker No. Of siblings: 1 elder sister (Assistant Professor in Delhi University) Church: Maranatha Ministries International, Bhopal, India

Local Church: Delhi

Water Baptism: Yes (2007)

Holy Spirit Baptism: Yes

***Contact No. : 9818018449***

Preetika Dhawan D/o : Late Pastor Praveen Kumar Dhawan and Mrs. Suraksha Dhawan DOB: 31/07/1993, Age: 28 yrs, Height: 5' 0" Languages known: English, Hindi.

Background: Christian Faith, Pentecost, Punjabi.

Qualification: • PhD in Physics (Currently Ongoing from NSUT, Dwarka) • M Sc and B. Sc (H) Physics from Hansraj College, University of Delhi.

Job Details: Assistant Professor, University of Delhi (Adhoc basis) Hometown and Place of birth: Delhi, India.

Mother's Occupation: Professionally Retired, Currently Homemaker

No. of Siblings: 1 Younger Sister working as PGT-English

Church: Maranatha Ministries International, Bhopal, India, Local Church: Delhi, Water Baptism: Yes (2004)

Holy Spirit Baptism: Yes

***Contact No.: 9717286442***

# प्रार्थना-हमें प्रार्थना सिखा



पास्टर अमित गुरनानी, मुंबई.

प्रार्थना सिर्फ एक धार्मिक नियम ही नहीं परंतु हमारी प्रार्थना परमेश्वर के प्रति हमारे प्रेम को भी दर्शाती है। एक व्यक्ति जो प्रार्थना नहीं करता हम उसे एक पशु समान और निर्दय मनुष्य समझ सकते हैं जो अपने कर्ता को महिमा नहीं देता। प्रार्थना परमेश्वर पर हमारे जीवन की निर्भरता को भी बताती है। प्रार्थना करने का अर्थ परमेश्वर के सामने दीन बनना है; अप्रत्यक्ष रूप से यह मानना है कि परमेश्वर, मैं कुछ भी नहीं परंतु आप ही सब कुछ है; मैं कमजोर, बलहीन, असमर्थ हूं परंतु आप अत्यंत बलशाली, सर्वशक्तिमान हैं अर्थात आपसे कुछ भी असंभव नहीं (अय्यूब.४२:२; यिर्म.३२:१७,२७; मत्ती.१९: २६; उत्प.१८:१४; रो.४:२१; इफि.३:२०; इब्रा.११:१९; अय्यूब.३६:२२; ३७:२३; भ.सं.१४७:५)। हम मसीह में प्रार्थना के द्वारा अगुवाई, शिक्षा और उत्साह प्राप्त करते हैं। प्रार्थना हमारे लिए हर प्रकार से लाभदायक है।

**यीशु की प्रार्थना (११:१)**

चारों सुसमाचार के लेखकों में से लूका ने अपने सुसमाचार में मसीह की प्रार्थना का बार-बार वर्णन किया है (३:२१; ५:१६; ६:१२; ९:१८,२८,२९)। लेखकों ने यीशु की प्रार्थना का विस्तृत रूप में बखान नहीं किया, सिवाय यूहन्ना के जिस प्रकार उसने अपने सुसमाचार के १७ अध्याय में किया है। परिस्थितियों के आधारित कुछ जगहों में यीशु की छोटी प्रार्थनाओं को भी देखते हैं (मती.११:२५,२६; २६:३९-४४; यूहन्ना.११:४१,४२)। परमेश्वर होने पर भी मनुष्य की समानता में आकर उसने प्रार्थना की। पुत्र होने पर उसने आज्ञा मानना सीखी (इब्रा.५:७,८)। दाऊद की संतान के नाते उसने अपने आप को प्रार्थना में समर्पित किया (भ.सं.१०९:४)।

**हमें प्रार्थना करना सिखा (११:१)**

गुरु अपने शिष्यों के लिए अक्सर प्रार्थनाओं की रचना करते थे। चेले अक्सर यीशु को प्रार्थना करते देखते थे, वे प्रार्थना के विषय में उसके प्रेम को भी जानते थे और समझ गए थे प्रार्थना सिर्फ शब्दों को दोहराना नहीं है (मती.६: ७)। हम यहां चेलों की प्रार्थना के प्रति चाहत को देख सकते हैं। उनका कहना है, हमें प्रार्थना का एक ऐसा नमूना सिखा जिससे हम भी प्रार्थना कर पाएं या हमारे मुंह में प्रार्थना के शब्दों को दे। हृदय से निकलने वाले शब्दों की प्रार्थना, किसी की रची हुई प्रार्थना को दोहराने से उत्तम है। हमें प्रार्थना करना सिखा, यह भी शिष्यों की हृदय से निकलने वाली यीशु से प्रार्थना थी। हमारे, परमेश्वर के प्रेम से भरे हुए हृदय से निकलने वाले शब्द जो परमेश्वर को छूते और प्रसन्न करते हैं, वह क्या ही सुंदर, मनोहर और सुनहरी प्रार्थना है। हम हमेशा प्रेरितों को मिले हुए दान और अनुग्रह के विषय में लालच करते हैं। क्यों ना हम उनके प्रार्थना की चाहत का भी लालच करें? यहूदी एक बार यीशु से प्रश्न करते हैं, यूहन्ना के चेले तो बराबर उपवास रखते और प्रार्थना किया करते हैं और वैसे ही फरीसियों के चेले भी परंतु तेरे चेले तो खाते पीते हैं (लूका. ५:३३) हो सकता है, यीशु के चेलों को यह बात चुभी हो और उनके मन में उमंग आई हो कि यीशु भी उन्हें प्रार्थना सिखाए।

प्रार्थना करने वाला और प्रार्थना सुनने वाला (११:९-१३)

वचन ५-१० में हम प्रार्थना का उत्तर किस रीती से प्राप्त करें एक उदाहरण के रूप में बताया गया है और वचन ११-१३ में प्रार्थना सुनकर उत्तर देने वाले स्वर्गीय पिता के विषय में एक उदाहरण के रूप में बताया गया है।

हमें प्रार्थना में आग्रह करते रहना है, प्रार्थना में उत्सुकता रखनी है, प्रार्थना में स्थिरता रखनी है। तब तक प्रार्थना करते रहें जब तक आपकी प्रार्थना का आपको उत्तर नहीं मिल जाता। प्रार्थना में कतई हियाव न छोड़ें। जिस रीती से वह व्यक्ति अपने मित्र से उत्सुकता के साथ तब तक आग्रह करते रहा जब तक उसके मित्र ने द्वार खोलकर उसकी आवश्यकता के अनुसार उसे दे न दिया। इसीलिए यीशु ने कहा, मांगो तो तुम्हें दिया जाएगा, ढूंढो तो तुम पाओगे, खटखटाओ तो तुम्हारे लिए खोला जाएगा. (११:५-१०)। जिस प्रकार वह विधवा बार-बार जाकर न्यायधीश को निवेदन करती थी और उस न्यायधीश ने उस विधवा का न्याय चुकाया। उसी प्रकार परमेश्वर भी अपने चुने हुओं का जो रात दिन उसकी दुहाई देते रहते हैं, न्याय चुकाएगा। इसीलिए हमें नित्य प्रार्थना करना और हियाव न छोड़ना चाहिए (लूका.१८:१-८)।

जैसे एक सांसारिक पिता अपने बच्चे के मांगने पर उसकी इच्छा और आवश्यकता के अनुसार उसे देता है तो हमारा स्वर्गीय पिता हमारे मांगने पर हमें अच्छी और भली वस्तुएं क्यों न देगा। यीशु यहां पवित्र आत्मा का जिक्र करते हैं। जिसका अर्थ यह है हम सही प्रार्थना करने के लिए परमेश्वर से पवित्र आत्मा मांगे, जो सर्वदा हमारे साथ रहेगा (११:१३; साथ ही यूहन्ना.१४:१६; १६:२४)। पवित्र

» 23

ദുരുപദേശങ്ങൾക്കെതിരെ വചനാധിഷ്ഠിത മറുപടി

# ദൈവസഭ

രണ്ടാം ഭാഗം



റവ. ഡോ. കെ. സി. ചാക്കോ

വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന വിഷയങ്ങളായ രക്ഷ, സ്നാനം, പരിശുദ്ധാത്മ സ്നാനം, ത്രിത്വോപദേശം, സുവിശേഷീകരണം, വിശുദ്ധിയും വേർപാടും, വിശ്വാസികളുടെ പ്രതിഫലവും, അവിശ്വാസികളുടെ ശിക്ഷാവിധിയും, നരകം, സ്വർഗം എന്നീ വിഷയങ്ങളെ സംബന്ധിച്ചു ക്രൈസ്തവ സമൂഹത്തിൽ വിശിഷ്യ പെന്തെക്കോസ്തു സമൂഹത്തിൽ ഉയർന്നുവരുന്ന ഭിന്നാഭിപ്രായങ്ങൾ തിരുവചനാടിസ്ഥാനത്തിൽ വിശകലനം ചെയ്യുവാൻ ദൈവകൃപയിൽ ശരണപ്പെടുന്നു. ദുരുപദേശങ്ങൾക്കെതിരെയുള്ള ഈ പോരാട്ടം ദൈവസഭയുടെ ഉത്തരവാദിത്വമാണ്.

## കൂട്ടായ്മ

ക്രിസ്തുവിന്റെ ശരീരവും ക്രിസ്തു സഭയുടെ തലയും വിശ്വാസികൾ സഭയാം ശരീരത്തിന്റെ അവയവങ്ങളും ആയിരിക്കുകയാൽ പരസ്പരമുള്ള സഹവർത്തിത്വത്തിനു വളരെയധികം പ്രാധാന്യം തിരുവചനം കൽപിക്കുന്നുണ്ട്. ‘‘കൂട്ടായ്മ’’ എന്ന മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്ന പദത്തിനു (koinonia കൊയ്നോനിയ) എന്നാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. ഒരുമിച്ച് ഭാഗം വയ്ക്കുക എന്നാണ് ഇതിനർത്ഥം. അതായതു ഉള്ളതിന്റെ ഒരു ഭാഗത്തിനു തുല്യഅവകാശിയായി കാണുക. സമൃദ്ധിയായാലും ഇല്ലായ്മയായാലും ഉത്തരവാദിത്വമായാലും എല്ലാറ്റിനും തുല്യ അവകാശം (2 കൊരി. 1:7, 8:23, ലൂക്കോ. 5:10, ഫിലി. 1:2, 1 കൊരി. 10:18-20, 1 പത്രോ. 5:1, 2 പത്രോ. 1:4).

ആദിമ സഭ യേശുവിനെ മശിഹയായി അംഗീകരിച്ചിതിനാൽ സ്വന്തജനമായ യെഹൂദന്മാരാൽ അവർ തഴയപ്പെട്ടവരായി തീർന്നു. ആയതിനാൽ ആദിമ വിശ്വാസികൾ കൂട്ടായ്മയ്ക്ക് വളരെ പ്രസക്തി കൽപിച്ചിരുന്നു (അ.പ്ര. 2:42). ആത്മീയ കൂട്ടായ്മക്ക് മാത്രമല്ല ഭൗതീക കാര്യങ്ങളിലും പരസ്പരം പങ്കു വയ്ക്കുന്നതിലും അവർ മാതൃക ആയിരുന്നു. എല്ലാം പൊതുവക എന്ന് എണ്ണി വസ്തു വകകൾ പങ്കിട്ടെടുത്ത് ഓരോരുത്തരുടെയും ആവശ്യങ്ങൾ നിവർത്തിച്ചുകൊണ്ടിരുന്നു (അ.പ്ര. 2:44-45. 4:33-37, 6:13). തികച്ചും നിസ്വാർത്ഥതയോടും സ്വമനസ്സാലെയുമായിരുന്നു ഇത് നടത്തിയിരുന്നത്. നിർദ്ധനരായ വിധവമാരെ സംരക്ഷിക്കുന്നതിനും അവരുടെ ഇടയിൽ ഉണ്ടായ പ്രശ്നം പരിഹരിക്കുന്നതിന് ഏഴു ശുശ്രൂഷകന്മാരെ നിയമിച്ചതിലും ഈ കൂട്ടായ്മയുടെ ആഴവും പരപ്പും നമുക്ക് ദർശിക്കാം. മാത്രമല്ല,. യെരുശലേമിലെ വിശ്വാസികൾക്ക് ദാരിദ്ര്യം നേരിട്ടപ്പോൾ അവരിൽ നിന്നും ആത്മീയ നന്മകൾ അനുഭവിച്ച യൂറോപ്പിലുള്ള സഭകൾ മറ്റ് മതങ്ങളിൽ നിന്നും വിശ്വാസത്തിൽ വന്നവരെങ്കിലും തങ്ങളുടെ ഭൗതീക നന്മകൾ യെഹൂദ ക്രിസ്ത്യാനികളുടെ ഇടയിലെ ദരിദ്രർക്കായി നീക്കി വച്ചത് ആ കൂട്ടായ്മയുടെ ആഴം വ്യക്തമാക്കുന്നതാണ് (റോമ. 15:25-27, 2 കൊരി. 8:3,9, എബ്രാ. 10:25, 1 യോഹ. 1:3-7, ഗലാ. 6:2).

ഇന്ന് കൂടിവരവുകളും പ്രവർത്തനങ്ങളും ഉണ്ടെങ്കിലും ആദ്യനൂറ്റാണ്ടിൽ ഉണ്ടായിരുന്നതു പോലുള്ള കരുതലും സ്നേഹവും കൂട്ടായ്മകളും പേരിനു മാത്രമായി തീർന്നിരിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. ക്രിസ്തീയ കൂട്ടായ്മ എന്നത് വളരെ ആഴമുള്ളതും സമൃദ്ധവുമായിരുന്നു. അത് വെറും സാമൂഹിക ഇടപെടലുകളായിരുന്നില്ല. പിന്നെയോ, അത് അന്യോന്യം ഭാരം ചുമക്കുന്നതും (ഗലാ. 6:2,10), പ്രബോധിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതും; ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതുമായ ദൃഢബന്ധമായിരുന്നു (1 തെസ്സ. 4:18. 5:11, എബ്രാ. 3:16).

ക്രിസ്തീയ കൂട്ടായ്മ എന്നത് പിതാവായ ദൈവവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം പോലെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. സഭയാം ശരീരത്തിലെ അവയവങ്ങൾ ഒത്തൊരുമിച്ചു വിജയത്തിനായി പ്രവർത്തിക്കുന്നു. ആയതിനാൽ ഒരുമിച്ചു കൂടുന്നു (അ.പ്ര. 2:42, എബ്രാ. 10:25). ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു (റോമ. 1:11, 12), ഒരുമിച്ചു തിരുവത്താഴത്തിൽ പങ്കെടുക്കുന്നു (1 കൊരി. 10:16-17), ഒരുമിച്ച് പാടുന്നു പ്രാർത്ഥിക്കുന്നു (എഫേ. 5:19, 1 കൊരി. 14:16,17). ഒന്നിച്ച് ക്രിസ്തുവിൽ ജീവിക്കുന്നു (1 തെസ്സ. 5:11), അന്യോന്യം അതിഥി സൽക്കാരം നടത്തുകയും (1 പത്രോ. 4:9) ചെയ്യുന്നു. പങ്കാളികളെ പോലെ ഒരേ ലക്ഷ്യത്തിനായി എല്ലാവരും ഒരു പൊതു ജീവിതം നയിക്കുകയും ചെയ്യുന്നു (ഫിലി. 1:15-19, 2:4, 4:3).

## സഭയും പരിശുദ്ധാത്മാവും

സഭയുടെ ആരംഭം തന്നെ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടുകൂടി ആയിരുന്നു (അ.പ്ര. 2:1-47). യേശുകർത്താവിന്റെ വാഗ്ദത്തം പോലെ പെന്തെക്കോസ്തു നാളിൽ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ എന്നേക്കും സഭയോട് കൂടെ ഇരിക്കുവാനും സുവിശേഷീകരണത്തിനായി ശക്തീകരിക്കുവാനുമായി ആദിമ വിശ്വാസികളുടെമേൽ ആവസിക്കുകയും അവരിൽ നിറക്കുകയും ചെയ്തു. തുടർന്ന് വരുന്ന കാലങ്ങളിൽ സഭയുടെ ആത്മീയ വളർച്ചയിലും ശത്രുവിനോടുള്ള ആത്മീയ പോരാട്ടത്തിലും ആത്മാവിന്റെ വലിയ സാന്നിദ്ധ്യം നമുക്ക് ദർശിക്കാം. ഓരോരുത്തർക്കും കൃപാവരങ്ങൾ പകുത്തുകൊടുത്തു, വ്യക്തികളെയും സഭയെയും പരിപോഷിപ്പിച്ചു. ആത്മാവിന്റെ ഫലം നിറഞ്ഞ് ലോകത്തിൽ അവർ ജ്യോതിസ്സുകളെപ്പോലെ പ്രകാ

ശിച്ചു; ലോകത്തെ കീഴ്മേൽ മറിച്ചു. കാരണം പരിശുദ്ധാത്മാവായിരുന്നു അവരെ നയിച്ചിരുന്നത്. അതിനാൽ തന്നെ, പ്രവൃത്തികളുടെ പുസ്തകത്തിനു അപ്പോസ്തല പ്രവൃത്തികൾ എന്ന പേരിനേക്കാൾ 'പരിശുദ്ധാത്മ പ്രവൃത്തികളുടെ പുസ്തകം' എന്ന പേരാണ് കൂടുതൽ യോജിക്കുന്നത് എന്ന് പല വേദപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. കാരണം ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ സംഭവങ്ങളുടെയും പുറകിൽ പരിശുദ്ധാത്മാവിന്റെ കരം വ്യക്തമാണ്. ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനാൽ കൽപന കിട്ടി (1:1,2); എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി (2:14); പത്രോസ് മൂപ്പന്മാരോട് സംസാരിച്ചത് ആത്മാവ് നിറഞ്ഞവനായിട്ടായിരുന്നു (4:8); പ്രതികൂല സാഹചര്യത്തിലും വചനം പ്രസംഗിച്ചത്. പരിശുദ്ധാത്മ നിറവിലായിരുന്നു (4:31); അവരുടെ സാക്ഷ്യം ആത്മാവിലായിരുന്നു (5:32).

ശമര്യരേയും വിജാതിയരേയും ദൈവജനമായി യെഹൂദാ ക്രിസ്ത്യാനികൾ അംഗീകരിച്ചതിന് കാരണം പരിശുദ്ധാത്മ പകർച്ച അവരുടെ മേലും ഉണ്ടയതു കൊണ്ടാണ് (അ.പ്ര. 8:15, 18, 10:47,48, 11:15,17); മേശമേൽ ശുശ്രൂഷിക്കുന്നതു തിരഞ്ഞെടുക്കപ്പെട്ട ഏഴുപേർ പരിശുദ്ധാത്മ നിറവുള്ളവരായിരുന്നു (6:3); സ്തേഫാനോസ് ആത്മാവ് നിറഞ്ഞവനായിട്ടാണ് ഈ ലോകം വിട്ടുപോയത് (7:55); അനന്യാസിന്റെ കൈവെപ്പിനാൽ പരിശുദ്ധാത്മ പൂർണ്ണനായതിനു ശേഷമാണ് പൗലോസ് ശുശ്രൂഷയ്ക്കായി വേർതിരിഞ്ഞത് (9:7). അന്ത്യോക്യാ സഭയിലേക്ക് അപ്പോസ്തലന്മാരാൽ അയക്കപ്പെട്ട ബർന്നബാസ് ആത്മനിറവുള്ളവനായിരുന്നു (1:24). പൗലോസിനെയും ബർന്നബാസിനെയും ലോകസുവിശേഷീകരണത്തിനായി വേർതിരിച്ചതും പറഞ്ഞയച്ചതും പരിശുദ്ധാത്മാവായിരുന്നു (13:34).

ജാതികളിൽ നിന്ന് രക്ഷിക്കപ്പെട്ടു വന്ന വിശ്വാസികൾ പാലിക്കുവാൻ വേണ്ടി അപ്പോസ്തലന്മാർ എടുത്ത തീരുമാനങ്ങൾ പരിശുദ്ധാത്മാവിനു ബോദ്ധ്യമായ കാര്യങ്ങൾ ആയിരുന്നു (15:28). എവിടെ സുവിശേഷം പറയണം എവിടെ പറയരുത് എന്ന് തീരുമാനിച്ചതും പരിശുദ്ധാത്മാവ് തന്നെയായിരുന്നു (16:6-10). മൂപ്പന്മാരെ സഭയിൽ നിയോഗിച്ചതും (20:28); ഭാവി കാര്യങ്ങൾ അറിയിച്ചിരുന്നതും പരിശുദ്ധാത്മാവ് തന്നെയായിരുന്നു (21:14, 11, 20:23). യെശയ്യാ പ്രവാചകൻ മുഖാന്തിരം പരിശുദ്ധാത്മാവ് അരുളിചെയ്തതിന്റെ നിവർത്തി പറഞ്ഞു കൊണ്ടാണ് പ്രവൃത്തിയുടെ പുസ്തകം അവസാനിപ്പിക്കുന്നത് (28:26,27). യേശുക്രിസ്തു പറഞ്ഞതുപോലെ തന്നെ സഭയുടെ കൂടെ ഇരുന്ന് അവരെ എല്ലാ സത്യത്തിലും വഴി നടത്തി പരിപാലിച്ചത് പരിശുദ്ധാത്മാവ് ആയിരുന്നു (യോഹ. 14:16, 16:13).

## സഭയും ഇസ്രായേലും

യേശുക്രിസ്തു വന്ന് ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചപ്പോഴും പഠിപ്പിച്ചപ്പോഴും യിസ്രായേലിനുവേണ്ടി മാത്രം ദൈവരാജ്യം സ്ഥാപിക്കുകയാണ് തന്റെ വരവിന്റെ ഉദ്ദേശ്യം എന്ന് ശിഷ്യന്മാരും കേൾവിക്കാരും ഒരു പോലെ തെറ്റിദ്ധരിച്ചിരുന്നു. അതിനാലാണ് ശിഷ്യന്മാർ യേശുവിനോട് 'എപ്പോഴാണ് രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത് എന്ന്' ചോദിച്ചത് (അ.പ്ര. 1:6,7). ഈ തെറ്റിദ്ധാരണയിൽ നിന്നാണ് സെബദിമക്കളുടെ അമ്മ, അവരിൽ ഒരുത്തനെ ഇടത്തും ഒരുവനെ വലത്തും എന്നിങ്ങനെ ദൈവരാജ്യത്തിൽ പരിഗണിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചത് (മത്താ. 20:20-21). മാത്രമല്ല, യേശുവിനെ പിടിച്ചു രാജാവാക്കുവാൻ ഒരുവേള ജനം ശ്രമിക്കുകയും ചെയ്തിരുന്നു (യോഹ. 6:15).

യിസ്രായേലിനു മാത്രമുള്ളതായിരിക്കാതെ ലോകത്തിലുള്ള സകല ജാതികളിൽ നിന്നും തന്നിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുന്ന ദൈവമക്കളുടെ കൂട്ടമായ സഭയായിരുന്നു യേശു വിഭാവന ചെയ്ത ദൈവരാജ്യം എന്നത്; വളരെ വൈകിയാണ് ശിഷ്യന്മാർ മനസ്സിലാക്കിയത്. ആയതിനാൽ പെന്തെക്കോസ്ത് ദിനത്തിൽ 3000-വും 5000-വും എന്നിങ്ങനെ യേശുവിനെ മശിഹയായി അംഗീകരിച്ചു എങ്കിലും ഇത് സഭയെന്ന പ്രത്യേക ജനവിഭാഗമാണെന്ന് തിരിച്ചറിയാതെ യെഹൂദാ മതത്തിന്റെ തന്നെ ഭാഗമായി നിലകൊള്ളുവാനാണ് അപ്പോസ്തലന്മാർ ആദ്യം ശ്രമിച്ചത് (അ.പ്ര. 2:46; 3:1; 21:17, 24). അവർ പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്ന്; യേശുവിനെ മശിഹ എന്ന രീതിയിൽ കണക്കാക്കി അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും അപ്പം നുറുക്കിയും സന്തോഷിച്ച് യെഹൂദന്മാരെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചു പോന്നു.

സ്തേഫാനോസിന്റെ മരണവും തുടർന്നുണ്ടായ പീഢനവുമാണ് ക്രിസ്ത്യാനികൾ ചിതറിപ്പോകുന്നതിനും സുവിശേഷം വിജാതീയരിലേക്ക് എത്തുന്നതിനും കാരണമായി തീർന്നത് (അ.പ്ര. 8:1-4, 11:19, 22; 13:28-30). തൻനിമിത്തം ശമര്യ, അന്ത്യോക്യ എന്നിവിടങ്ങളിലും, പിന്നീട് പൗലോസിന്റെയും ബർന്നബാസിന്റെയും മിഷനറി യാത്രകൾ മുഖേന ജാതികളുടെ ഇടയിലും ധാരാളം സഭകൾ സ്ഥാപിക്കപ്പെട്ടു. ദൈവനിയോഗ പ്രകാരമാണെങ്കിലും പത്രോസ് കൊർന്നല്ല്യോസിന്റെ ഭവനത്തിൽ പോയി സുവിശേഷം അറിയിച്ചത് ആദ്യം അംഗീകരിക്കുവാൻ യെഹൂദാ ക്രൈസ്തവർ ഒരുക്കമായിരുന്നില്ല (അ.പ്ര. 11:1-18). പെന്തെക്കോസ്തു നാളിനുശേഷം പല വർഷങ്ങൾ കഴിഞ്ഞാണ് ജാതികളും ദൈവസഭയുടെ ഭാഗമാണെന്നും അത് യിസ്രായേൽ മക്കൾക്ക് മാത്രമല്ല, രക്ഷിക്കപ്പെടുന്ന യെഹൂദനും വിജാതീയനും ക്രിസ്തുവിൽ ഒന്നായി ചേർന്ന് ലോകത്തിൽ നിന്നും വേർപെട്ട് ദൈവത്തിന്റെ സ്വന്ത ജനമായി, പുതിയനിയമ യിസ്രായേൽ ആയി തീരുന്നു എന്നും ഗ്രഹിച്ചത് (ഗലാ. 6:16). ദൈവദൃഷ്ടിയിൽ ഇന്ന് ലോകത്തിൽ മൂന്ന് വിഭാഗം ജനങ്ങളേയുള്ളൂ. യെഹൂദന്മാർ, ജാതികൾ, ദൈവസഭ (1 കൊരി. 10:32). സഭയും യിസ്രായേലും തമ്മിൽ ഒരു ബന്ധവുമില്ല. പക്ഷെ യെഹൂദന്മാർ രക്ഷിക്കപ്പെട്ടു വന്നാൽ ജാതികളെപ്പോലെ സഭയുടെ ഭാഗം ആയിത്തീരും എന്നും മാത്രം.

(തുടരും)

What more would you like to see on the pages. Share your experience with us we would love to hear from you.

# മുന്നോട്ടു തന്നെ
# യാത്ര തുടരാം



**പാസ്റ്റർ ഡോ. പി.എം. ജോൺസൺ**

ഫറവോൻ അടുത്തുവരുമ്പോൾ യിസ്രായേൽ മക്കൾ തല ഉയർത്തി മിസ്രയീമ്യർ പിന്നാലെ വരുന്നതു കണ്ടു ഏറ്റവും ഭയപ്പെട്ടു. യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. അവർ മോശെയോടു; മിസ്രയീമിൽ ശവക്കുഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടുവന്നതു? നീ ഞങ്ങളെ മിസ്രയീമിൽ നിന്നും പുറപ്പെടുവിച്ചതിനാൽ ഞങ്ങളോടു ഈ ചെയ്തതു എന്തു? മിസ്രയീമ്യർക്കു വേല ചെയ്‌വാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽ വെച്ചു നിന്നോടു പറഞ്ഞില്ലയോ? മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്ക് വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലതു എന്നു പറഞ്ഞു. അതിനു മോശെ ജനത്തോടു : ഭയപ്പെടേണ്ടാ, ഉറച്ചുനിൽപിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു. അപ്പോൾ യഹോവ മോശെയോടു അരുളിചെയ്തതു; നീ എന്നോടു നിലവിളിക്കുന്നതു എന്തു? മുമ്പോട്ടു പോകുവാൻ യിസ്രായേൽ മക്കളോടു പറക. (പുറ. 14:1015).

നൂറ്റാണ്ടുകൾ നീണ്ട അടിമത്വത്തിൽ നിന്നും രക്ഷ പ്രാപിച്ച ദൈവജനം പ്രതീക്ഷയോടെ കനാൻ ലക്ഷ്യമാക്കി യാത്ര തുടങ്ങിയപ്പോൾ തന്നെ, പ്രതീക്ഷയ്ക്കു വിപരീതമായി മുന്നിൽ ചെങ്കടൽ കാണുകയാണ്. അത് മാത്രമല്ല, ഇരുവശങ്ങളിലും വലിയ മലകൾ പുറകിൽ പാഞ്ഞടുക്കുന്ന ഫറവോനും സൈന്യവും, പ്രതീക്ഷകൾ പെട്ടെന്ന് അസ്തമിച്ചു. രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ല. വല്ലാത്ത അരക്ഷിതാവസ്ഥ, നിലവിളിക്കുവാൻ ഇതിൽ പരമെന്തു വേണം? ആ നിലവിളിയാണ് നാമിവിടെ വായിച്ചതു.

ദൈവം രക്ഷിക്കുമെന്നുള്ള വിശ്വാസത്തിൽ തന്നെയാണ് യാത്ര ആരംഭിച്ചത്. ആ വിശ്വാസം തന്നെയാണ് ഏതൊരു സാധാരണ വിശ്വാസിക്കുമുള്ളത്. എന്നാൽ സാഹചര്യം പ്രതികൂലമാവുമ്പോൾ ആ വലിയ വിശ്വാസത്തിനു ചോർച്ച സംഭവിക്കുന്നു, വേദപുസ്തകത്തിലെ വലിയ ഭക്തന്മാർ എന്ന് നാം ഗണിക്കുന്ന പലരുടെയും ജീവിതാനുഭവങ്ങളിൽ ഇത് പ്രകടമായിട്ടുള്ള ഒരു പ്രതിഭാസമാണ്. ദാവീദ് ഒരിക്കൽ പറഞ്ഞു; ഞാൻ ഒരു നാൾ ശൗലിന്റെ കയ്യാൽ മരിക്കുകയേ ഉള്ളൂ (1 ശമു. 27:1). ചരിത്രത്തിലെ ഏറ്റവും മികച്ച പ്രവാചകന്മാരിൽ അഗ്രഗണ്യനായ ഏലീയാവിന്റെ അവസ്ഥയും വ്യത്യസ്ഥമായിരുന്നില്ല; അദ്ദേഹവും ആശ നഷ്ടപ്പെട്ടവനായി ഒരു ചൂരച്ചെടിയുടെ തണലിൽ കിടന്നു മരിക്കുവാൻ ആഗ്രഹിച്ചു. ദൈവത്തോട് മരണം യാചിച്ചു (1 രാജ. 19:4).

വിശ്വാസികളായ എല്ലാവരും തന്നെ കൃപയാൽ ലഭിച്ച പാപക്ഷമയെക്കുറിച്ചും, നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യതയെക്കുറിച്ചും അവഗാഹമുള്ളവരാണ്. എന്നാൽ വലിയ പ്രതിസന്ധികൾ വരുമ്പോൾ, ദൈവത്തിലുള്ള അവരുടെ ആശ്രയം പ്രായോഗിക തലത്തിൽ വരുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. രോഗം വന്നാൽ, കടുത്ത സാമ്പത്തിക ക്ഷീണം വന്നാൽ, കുടുംബ പ്രശ്നങ്ങൾ വന്നാൽ, പകച്ചു നിൽക്കുകയും ഈ ലോകക്കാർ എന്ത് ചെയ്യുമോ അത് ചെയ്യാനുള്ള വ്യഗ്രതയുമാണ് പലരിലും കാണുന്നത്. ദൈവത്തിലുള്ള വിശ്വാസം വെറുതെ പറയുവാൻ മാത്രം ഉള്ളതാണോ? ദൈവത്തിനു തന്റെ ജനത്തിന്റെ കാര്യത്തിൽ ഇടപെടുവാൻ കഴിയുകയില്ലയോ? എന്നാൽ അതികഠിനമായ സാഹചര്യത്തിൽ ഒരു ദൈവപൈതൽ എന്ത് ചെയ്യണമെന്ന് മുകളിൽ ഉദ്ധരിച്ച വചനഭാഗം വ്യക്തമാക്കുന്നു. ജനം പ്രതിസന്ധിയിൽ ആയപ്പോൾ സാഹചര്യത്തിന്റെ വെളിച്ചത്തിൽ വഴി കാണാതെ നിലവിളിച്ചപ്പോൾ അഭിഷിക്തനായ മോശ എന്താണ് പറഞ്ഞത്? ഭയപ്പെടേണ്ട ഉറച്ചു നിൽപീൻ, ദൈവം പ്രവർത്തിക്കും ഇതാണ് ദൈവനിയോഗം ലഭിച്ച അഭിഷിക്തന്മാർ പറയേണ്ടത്. അപ്പോൾ ദൈവം എന്താണ് പറഞ്ഞത്? അതാണ് നാം ശ്രദ്ധിക്കേണ്ടത്. ദൈവം പറഞ്ഞത്, മുന്നോട്ടു പോകുവാൻ ജനത്തോട് പറയുക, കാരണം ദൈവമാണ് അവരെ പുറപ്പെടുവിച്ചത്, ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുവാൻ തന്നെയാണ് ദൈവം ആഗ്രഹിക്കുന്നതും, സാഹചര്യം അനുസരിച്ചു തീരുമാനം എടുക്കുവാൻ ദൈവം പറഞ്ഞിട്ടില്ല, മുന്നോട്ടുള്ള പ്രയാണങ്ങളിൽ തടസങ്ങൾ ഉണ്ടാകില്ല എന്ന് ദൈവം പറഞ്ഞിട്ടുമില്ല. പുറകോട്ടു പോകാനും ദൈവം പറഞ്ഞിട്ടില്ല. വാഗ്ദത്തം ചെയ്ത നാട് ഇപ്പോൾ വിറങ്ങലിച്ചു നിൽക്കുന്ന ഈ ഇടമല്ല. എന്നാൽ പിന്നിലേക്ക് പോയാലോ? അവിടെ അടിമത്വം ആയതുകൊണ്ടല്ലേ അവിടെ നിന്നും ദൈവം അത്ഭുതകരമായ നിലയിൽ പുറപ്പെടുവിച്ചത്? പിന്നെ എന്താണ് ചെയ്യേണ്ടത്? ''മുന്നോട്ടു പോകുക'' അതു തന്നെയാണ് ദൈവഹിതം. ദൈവസഭയോടുള്ള ബന്ധത്തിലും ഇത് തന്നെയാണ് കരണീയമായിട്ടുള്ളത് സഭയെ വിളിച്ചത് ഒരു ഉദ്ദേശത്തിനു വേണ്ടിയാണ്. കോവിഡ് പശ്ചാത്തലത്തിൽ അത് നിർത്തിവച്ചു. പലരും പകച്ചു നിൽക്കുകയാണ്. ഇതൊന്നു മാറിയിട്ടുവേണം ഇനി പ്രവർത്തിക്കേണ്ടത്. എന്നാൽ നാം സാഹചര്യത്തെ അവഗണിച്ചുകൊണ്ട് മുന്നോട്ടു പോകാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിലോ? നാം ദൗത്യവുമായി മുന്നോട്ടു കുതിക്കേണ്ടിയിരിക്കുന്നു.

സുവിശേഷത്തിനായി നിലം ഏറ്റവും വിളഞ്ഞിരിക്കുന്ന ഒരവസരമാണ് നിലവിലുള്ളത്. പരിശുദ്ധാത്മാവിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു

പേകേണ്ടിയിരിക്കുന്നു. മഹാവ്യാധി വരുത്തിയ ആലസ്യത്തിൽ നിന്നും എഴുന്നേറ്റ നമ്മെ ഏൽപിച്ച പ്രവൃത്തി ചെയ്യാനുള്ള സമയമായി. ഒരു ഉണർവ്വ് സഭയും എല്ലാവരും പ്രതീക്ഷിക്കുന്നു ണ്ട്. എന്നാൽ നാം ഓരോരുത്തരുമാണ് സഭ എന്നും, നമ്മെ കൂടാതെ ഒരു ഉണ ർവ്വും ഉണ്ടാകില്ല എന്നുള്ള സത്യം മന സ്സിലാക്കി ഓരോരുത്തരും പ്രവർത്തി ക്കേണ്ട സമയം ഇതു തന്നെയാണ്. എന്നാൽ നാം ആയിരിക്കുന്ന സ്ഥല ത്തു ഇരുന്നുകൊണ്ട് ഉണർവ്വ് പ്രതീ ക്ഷിക്കാനാണ് എല്ലാവർക്കും താൽപ ര്യം. ഇരിക്കുന്ന ഇടത്ത് യാതൊരു ഗുണവുമില്ലാത്ത ഒരു സുഖമുണ്ട്. ആ സുഖത്തിലായിരുന്നു ബെഥേസ്ദ കുള ക്കടവിൽ ഒരു മനുഷ്യൻ മുപ്പത്തിയെട്ടു സംവത്സരം വെറുതെ കിടന്നത്.

ഇപ്പോഴത്തെ നിരാശയിലും, പ്രതി സന്ധിയിലും, കയ്പേറിയ അനുഭവ ങ്ങളിലും എഴുന്നേൽക്കാതിരിക്കുന്ന തിന്റെ ഒരു നേരിയ ആശ്വാസമുണ്ട്. പലർക്കും അത് മതി. ഈ ആലസ്യത യിൽ നിന്നും എഴുന്നേറ്റ് മുന്നോട്ടു പോകാനാണ് ദൈവം ആഗ്രഹിക്കു ന്നത്. നാം എഴുന്നേറ്റു മുന്നോട്ടു കുതി ക്കാത്ത പക്ഷം എന്ത് സംഭവിക്കുമെന്ന് യിസ്രായേൽ ജനത്തിന്റെ അനുഭവി ത്തിൽ നിന്നും നമുക്ക് ചിന്തിക്കാം.

ഒന്നാമത് സംഭവിക്കുന്നത് നാം ഭയ ത്തിന്റെ ആത്മാവിന് അടിമകളായി പോകും; ''ഫറവോൻ അടുത്തുവരു മ്പോൾ യിസ്രായേൽ മക്കൾ തലയുയ ർത്തി മിസ്രയീമ്യർ പിന്നാലെ വരു ന്നതു കണ്ടു ഏറ്റവും ഭയപ്പെട്ടു. യിസ്രാ യേൽ മക്കൾ യഹോവയോടു നിലവി ളിച്ചു'' (പുറ. 14:10).

വിശ്വാസം മരിക്കുന്ന ഇടത്ത് ഭയം ജനിക്കും. ജീവിതത്തിൽ ഒരു ആത്മീയ മുന്നേറ്റം ആഗ്രഹിക്കുകയോ അതി നുള്ള ചുവട് വെയ്ക്കുകയോ ചെയ്യാ ത്ത ഏതൊരുവന്റെയും പിന്നീടുള്ള ജീ വിതം ഭയത്തിന്റെ ആത്മാവിന്റെ താള ത്തിനൊത്തു തുള്ളുന്ന ഒരനുഭവമായി രിക്കും. ദൈവത്തിലോ, ദൈവവചന ത്തിലോ ആശ്രയിക്കാത്ത ഏതൊരു വ്യക്തിയും പിശാചിന്റെ വ്യാജം ശ്രദ്ധി ക്കുകയും അതിൽ മനസ്സ് വയ്ക്കു കയും ചെയ്തിരിക്കും, കാലിയായ ഒരു ഗ്ലാസിൽ അന്തരീക്ഷവായു നിറയുന്ന തുപോലെ രോഗം, കടം, പരാജയം എന്നിവയെക്കുറിച്ചുള്ള ഭീതി അവ നിൽ നിറഞ്ഞിരിക്കും. നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊ ക്കെയും പൂർണ്ണജയം പ്രാപിക്കുന്നു എന്നുള്ള ദൈവവചനം നിരസിച്ച തിന്റെ അനന്തരഫലമാണിത്.

മിസ്രയീമിൽ നിന്നും ഇറങ്ങിയപ്പോ ൾ എന്തൊരു സന്തോഷമായിരുന്നു? ഇപ്പോൾ ഈ ഭയം എവിടെ നിന്നും വന്നു? വിശ്വാസ ജീവിതത്തിൽ ഇറ ങ്ങിയപ്പോഴത്തെ സന്തോഷാവസ്ഥ കാലാന്തരത്തിൽ ഇല്ലാതെ പോയതെ ന്തുകൊണ്ട്? ഒറ്റ മറുപടിയേ ഉള്ളൂ. വിശ്വാസത്തിൽ മുന്നേറിയില്ല, പ്രിയ ആത്മീയ സുഹൃത്തേ, ഇപ്പോഴത്തെ അവസ്ഥ ഭയം നിറഞ്ഞതാണോ? അതിന്റെ കാരണം ആത്മീയത്തിൽ മുന്നോട്ടു ഗമിക്കാതെ എവിടെ യോ നിന്നുപോയി, അതൊന്നു സമ്മതി ക്കാൻ മനസ്സുണ്ടെങ്കിൽ വിടുതൽ അടുത്തു തന്നെയുണ്ട്. ഭയപ്പെടേണ്ട എന്ന് ആവർത്തിച്ച് പറഞ്ഞ കർ ത്താവു കൂടെത്തന്നെയുണ്ട്. ആക യാൽ ഭയത്തെ പുറത്താക്കാം, ദൈവ ത്തിലേക്കും, ദൈവവചനത്തിലേക്കും ശ്രദ്ധിക്കാം.

രണ്ടാമത് കുറ്റപ്പെടുത്തലുകളും പരാതി പറച്ചിലുകളും തുടങ്ങും: ''അ വർ മോശയോട് മിസ്രയീമിൽ ശവക്കു ഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമി യിൽ മരിപ്പാൻ കൂട്ടിക്കൊണ്ടുവന്നത്? നീ ഞങ്ങളെ മിസ്രയീമിൽ നിന്നു പുറ പ്പെടുവിച്ചതിനാൽ ഞങ്ങളോടു ഈ ചെയ്തതു എന്ത്'' (പുറ. 14:11).

ഇതു കേട്ടാൽ ആർക്കും തോന്നുക മോശെയാണ് ഈ പ്രതിസന്ധികൾ ക്കെല്ലാം കാരണക്കാരൻ എന്നാണ്. നാമും പലപ്പോഴും ഇങ്ങനെയാണ്. ഒരു വിഷമസന്ധിയിൽ കുറ്റമെല്ലാം മറ്റാരുടെയെങ്കിലും തോളിൽ വയ്ക്കും. ഈ മാതിരി കുറ്റപ്പെടുത്തലുകൾക്കും കാരണം നാം വിശ്വാസത്തിൽ നിന്നും അകന്നുവെന്നോ, വിശ്വാസത്തിൽ മുന്നോട്ടു പോകുന്നതിൽ പരാജയപ്പെ ട്ടുവെന്നോ തന്നെയാണ്.

മുന്നോട്ടു നോക്കാത്തവൻ പുറ കോട്ടു നോക്കി പരിതപിക്കുക സ്വാഭാ വികമാണ്. മാത്രമല്ല, അവർ മറ്റുള്ളവ ർക്ക് മാർഗ്ഗതടസ്സവുമാണ്. കർത്താവി നോടൊപ്പം യാത്ര ചെയ്യുന്നവൻ കുറ്റം പറയുവാൻ സമയമെവിടെ? അവൻ പ്രാർത്ഥിക്കുവാനും വിഷയങ്ങൾ ദൈവത്തെ ഏൽപിക്കുവാനും സമയം കണ്ടെത്തും. പ്രതിസന്ധികൾ ജീവിത ത്തിൽ സ്വാഭാവികമാണ്. എന്നാൽ ഒരു ദൈവപൈതലിനു അതായതു ദൈവത്തോടൊപ്പം മുന്നോട്ടു ലക്ഷ്യ സ്ഥാനത്തേക്ക് യാത്ര ചെയ്യുന്നവൻ അത് വലിയ കാര്യമൊന്നുമല്ല, കാര ണം ദൈവം കൂടെയുണ്ട്. ദൈവമറി യാതെ ഒന്നും സംഭവിക്കുകയില്ല.

മൂന്നാമത്, അതവനെ പുറകോട്ട്, അതായത് പിന്മാറ്റത്തിലേക്ക് നയി ക്കും; ''മിസ്രയീമ്യർക്കു വേല ചെയ് വാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽവെച്ചു നിന്നോടു പറഞ്ഞില്ലയോ? മരുഭൂമിയിൽ മരിക്കു ന്നതിനേക്കാൾ മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലതു എന്നു പറഞ്ഞു'' (പുറ. 14:12).

മുന്നോട്ടു പോകുവാൻ മനസ്സില്ലാ ത്തവന് പറകോട്ടു പോകുവാൻ സ്വാഭാ വികമായി ആഗ്രഹം തോന്നും, അവ നെ സംബന്ധിച്ചിടത്തോളം അതാണ് അൽപം കൂടി എളുപ്പം. ഏതൊരു പിന്മാറ്റക്കാരന്റെയും അവസ്ഥ ഇതാ ണ്. പിന്മാറ്റക്കാരനെ ശ്രദ്ധിക്കൂ, മു ന്നോട്ടു പോകുവാൻ മനസ്സോ ആഗ്രഹ മോ ഇല്ലാത്തതുകൊണ്ട് യാത്ര പുറ കോട്ടായി. അതിനു ബാലിശമായ ന്യാ യീകരണങ്ങളും പറഞ്ഞേക്കാം. ഒരു പിന്മാറ്റക്കാരന് തന്റെ മുന്നിലുള്ളതി നേക്കാൾ പുറകിലുള്ളത്, താൻ ഉപേ ക്ഷിച്ചത് വളരെ പഥ്യമായി തോന്നും. അതാണ് ചെങ്കടൽക്കരയിൽ യിസ്രാ യേലിനു സംഭവിച്ചത്.

മുകളിൽ പറഞ്ഞ വിഷയങ്ങൾക്ക് പരിഹാരമുണ്ടോ? ഉണ്ടെങ്കിൽ അതെ ന്താണ്? മോശെ എന്താണ് പറഞ്ഞത്? ''അതിനു മോശെ ജനത്തോടു; ''ഭയ പ്പെടേണ്ടാ ഉറച്ചു നിൽപിൻ, യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുയില്ല. യഹോവ നിങ്ങൾ ക്കുവേണ്ടി യുദ്ധം ചെയ്യും, നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു'' (പുറ. 14:13-14).

ഇങ്ങനെയുള്ള പ്രതിസന്ധികളിൽ ദൈവവചനം ശ്രദ്ധിക്കുക. നമ്മെ നട ത്തുവാൻ ദൈവത്താൽ നിയമിതരായ ദൈവദാസന്മാരുടെയും വാക്കുകൾക്ക് വില കൽപിക്കുക, വിശ്വാസം വെറുതെ പറയുവാനോ, പ്രസംഗിക്കു വാനോ ഉള്ളതല്ല, മറിച്ചു പ്രവർത്തിക്കു

വാനും അനുസരിക്കുവാനും ഉള്ളതാണ്.

യിസ്രായേൽ ജനത ലക്ഷക്കണക്കിനുള്ള ഒരു വലിയ കൂട്ടമാണ്. മിക്കവാറും പരാതിയും പരിഭവങ്ങളും ഒക്കെ പറഞ്ഞത് ഏറ്റവും മുന്നിൽ നിൽക്കുന്ന കൂട്ടരായിരിക്കും. തങ്ങളുടെ പിന്നിൽ യാത്ര ചെയ്യുന്ന ഒരു വലിയ കൂട്ടത്തിന്റെ മുന്നോട്ടുള്ള യാത്രയ്ക്കാണ് അവർ ഭംഗം വരുത്തിയത്. പ്രിയ ദൈവപൈതലേ, നമ്മെ അനുഗമിക്കുന്ന, ശ്രദ്ധിക്കുന്ന വലിയൊരു കൂട്ടമുണ്ട്, നമ്മുടെ കുഞ്ഞുങ്ങൾ ഉണ്ട്, ബലഹീനരുണ്ട്. അത് മറന്ന് ഒന്നും ചെയ്യരുത്. നാം മുന്നോട്ടു പോയെങ്കിലേ അവർക്കു അനുഗമിക്കുവാൻ കഴിയുകയുള്ളൂ. ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ച വരുത്തിയാൽ, അവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ കടലിന്റെ ആഴത്തിൽ ഇട്ടുകളയുന്നതാണ് നല്ലതെന്നു കർത്താവ് പറയുമ്പോൾ, ഇടർച്ച എത്ര വലിയ പ്രശ്നമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പ്രതിസന്ധികളുടെ മധ്യത്തിൽ നാം പകച്ചു നിൽക്കുമ്പോഴും, ദൈവമുഖത്തേക്കു നോക്കിയാൽ, ദൈവത്തിനു നമ്മോടു പറയുവാനുള്ളത്, മുൻപോട്ടു പോകുക എന്ന് തന്നെയാണ്. അതാണ് ദൈവം യിസ്രായേൽ മക്കളോട് പറഞ്ഞത്. ''അപ്പോൾ യഹോവ മോശെയോടു അരുളിച്ചെയ്തതു: നീ എന്നോടു നിലവിളിക്കുന്നതു എന്തു? മുമ്പോട്ടു പോകുവാൻ യിസ്രായേൽ മക്കളോടു പറക'' (പുറ. 14:15).

ദൈവം പറഞ്ഞത് അതുപോലെ അനുസരിച്ച മോശ തന്റെ വടികൈയിലെടുത്തു. ആദ്യത്തെ ചുവടുവെച്ചപ്പോൾ കാറ്റ് അതിന്റെ പണി തുടങ്ങി. വെള്ളം ജനത്തിന്റെ മുമ്പിൽ നിന്നും പിന്മാറുവാൻ തുടങ്ങി. ഒറ്റവാക്കിൽ പറഞ്ഞാൽ ദൈവപ്രവൃത്തി കണ്ടുതുടങ്ങി. ദൈവമക്കളേ, നാം ദൈവത്തെ അനുസരിക്കുകയും വിശ്വാസത്തിന്റെ ചുവടുകൾ എടുക്കുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ പ്രവൃത്തികൾ കാണുന്നത്. നമ്മുടെ പ്രശ്നം നാം ദൈവഹിതം മനസ്സിലാക്കുകയോ, വിശ്വാസത്തിന്റെ ചുവടുകൾ എടുക്കുകയോ ചെയ്യുന്നില്ല എന്നുള്ളതാണ്. എന്നാൽ നാം അനുസരിക്കുവാൻ തുടങ്ങുമ്പോൾ ചെങ്കടൽ മുൻപിൽ നിന്നും മാറിത്തരും, ശത്രു പിൻവാങ്ങും, പിൻവാങ്ങിയേ പറ്റൂ. ആകയാൽ നമുക്ക് മുമ്പോട്ട് പോകാം. യിസ്രായേൽ ജനത്തിന്റെ മുമ്പിൽ കണ്ടതുപോലെ അത്ഭുതങ്ങൾ നമുക്കായും മുമ്പിൽ കാത്തിരിക്കുന്നുണ്ട്.

ദൈവസഭ മുന്നോട്ടു തന്നെ കുതിക്കട്ടെ. കോവിഡ് വരുത്തിയ പ്രതിസന്ധിയിൽ ഇനി പകച്ചു നിൽക്കരുത്. ജീവിത പ്രതിസന്ധിയിലും തളർന്നു പോകരുത്, ദൈവഹിതം മനസ്സിലാക്കി ദൈവത്തെ അനുസരിക്കാം. മുന്നോട്ടു തന്നെ യാത്ര ചെയ്യാം. ●


If you have been blessed by this Magazine please introduce it to others.

To receive this magazine please contact :

**Suvartha Publications**
P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089
Mob.: 9821 33 22 73



# HEBRON BIBLE COLLEGE
ESTABLISHED IN 1992



Fully owned and managed by IPC Maharashtra State

30 Years of God's Faithfulness

Vision : Light up the villages of Maharashtra through living word.

For more details contact

Pr. P. Joy (Principal) 9757088499

Bro. Varghese Kollakompil (Administrator) 9821332273

P.O. Box No. 17082, Tilaknagar P.O., Chembur, Mumbai - 400 089.

# വെളിച്ചം



**ജാസ്മിൻ ഫിലിപ്പ്**

"വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം" നാം സ്ഥിരം കേൾക്കുന്ന വരികൾ ആണിത്. വെളിച്ചത്തെ ദുഃഖത്തോടെ ഉപമിക്കുന്നത് സാധാരണ ചേരാത്ത ഒരു പ്രയോഗമാണ്.

ഇരുട്ട് ആരും തന്നെ ഇഷ്ടപ്പെടാറില്ല. അതിന് ഒരു വിരോധാഭാസം എന്ന രീതിയിൽ തന്നെയാണ് ഈ വരികൾ. എന്നാൽ അക്കിത്തം നമ്പൂതിരി ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസം എന്ന കവിതയിൽ ഈ വരികൾ കുറിക്കുന്നതിന് കാരണമുണ്ട്. ഇരുട്ടാണെങ്കിൽ ചുറ്റും നടക്കുന്നതൊന്നും കാണേണ്ടതില്ല. ഒന്നും അറിയുവാനും കാണ്മാനും കഴിയുകയില്ല. എന്നാൽ വെളിച്ചം സകലതിനെയും പുറത്തു കൊണ്ടുവരുന്നു. നമ്മുടെ കണ്ണുകൾക്ക് കാണുവാൻ കഴിയുമ്പോളാണ് പലതിനെയും നാം വേർതിരിച്ചറിയുവാൻ ശ്രമിക്കുന്നത്. വേർതിരിച്ചറിയുക എന്നതുകൊണ്ട് നന്മയേത്, തിന്മയേത് എന്നത് മനസ്സിലാക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. ഇരുട്ടിൽ ഇതൊന്നും അറിയേണ്ടതില്ല. അതുകൊണ്ട് ഇരുട്ട് തന്നെയാണ് സുഖപ്രദം എന്ന് കവി പറയാൻ ശ്രമിക്കുന്നു.

എന്നാൽ ഏതുകാലത്തും മനുഷ്യന്റെ ഉള്ളിൽ അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേക്ക് നടക്കുവാനുള്ള ആഗ്രഹമുണ്ടായിരുന്നു. തമസോമാ ജ്യോതിർഗമയ എന്ന കാലാന്തരങ്ങൾ കൊണ്ടുള്ള പ്രാർത്ഥന മനുഷ്യനെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള വഴി തുറന്നു കിട്ടുവാൻ ഉള്ള ത്വരയുടെ ഭാഗമായി ഉണ്ടായതാണ്. എന്താണ് വെളിച്ചം? എന്താണ് ഇരുട്ട്? സൂര്യൻ ഉദിച്ചു വരുമ്പോൾ പ്രകാശം പരന്നു തുടങ്ങുന്നു. ഇരുൾ അകലുന്നു. വീണ്ടും സൂര്യൻ മറയുമ്പോൾ ഇരുൾ പരക്കുന്നു. അപ്പോൾ ഇരുൾ എന്നത് വെളിച്ചം കുറയുമ്പോൾ നമുക്കുണ്ടാകുന്ന തോന്നലാണ്. എവിടെ പ്രകാശം കുറയുന്നുവോ അവിടെ ഇരുൾ വ്യാപിക്കുന്നു.

ഇരുളിന് അകറ്റുവാൻ വേണ്ടത് വെളിച്ചത്തെ നിലനിർത്തുകയും വെളിച്ചം മങ്ങാതെ അണയാതെ സൂക്ഷിക്കുകയും ചെയ്യുക എന്നതാണ്. ആരാണ് വെളിച്ചം. ബൈബിൾ ഇപ്രകാരം പറയുന്നു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" മത്താ. 5:14. അങ്ങനെയാണെങ്കിൽ ദൈവമക്കളുടെ വെളിച്ചം കുറയുമ്പോൾ ആണ് ലോകത്തിൽ ഇരുൾ പരക്കുന്നത്.

സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് ശോഭിക്കുന്ന ചന്ദ്രൻപോലെ കർത്താവാകുന്ന സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് ആ പ്രകാശത്തെ ലോകത്തിൽ നൽകുന്നവർ ആയിത്തീരുവാൻ ആണ് കർത്താവ് നാം ഓരോരുത്തരെയും കുറിച്ച് ആഗ്രഹിക്കുന്നത്.

ലൈറ്റ് ഹൗസുകളെക്കുറിച്ച് കേട്ടിട്ടില്ലേ. ദിശയറിയാതെ ഉഴലുന്ന കപ്പലുകൾക്ക് തീരം അണയുവാൻ സഹായിക്കുന്ന ദീപങ്ങൾ. അതുപോലെ ഈ ലോകത്തിൽ ദിശയറിയാതെ ഉഴലുന്ന അനേകർക്ക് തീരമണയുവാനുള്ള ദീപങ്ങൾ ആയി മാറുക എന്നതാണ് ദൈവമക്കൾ എന്ന് അഭിമാനിക്കുന്ന നമ്മുടെ കർത്തവ്യം. എങ്ങിനെ നാം ലോകത്തിന് വെളിച്ചം പരത്തുന്നവർ ആയിതീരും? മനുഷ്യൻ നമ്മുടെ പ്രവൃത്തികളെ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനു നമ്മുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമായി ഇരിക്കകൊണ്ടു തന്നെ ക്രിസ്തുവിന്റെ വെളിച്ചം മറ്റുള്ളവരിലേക്ക് പകരുന്ന നല്ല പ്രവർത്തികളോട് കൂടിയ വിശ്വാസം ഉള്ളവരായി നാമോരോരുത്തരും മാറേണ്ടത് ആയിട്ടുണ്ട്. വെളിച്ചം ഉള്ളവരായി മാറുവാൻ വെളിച്ചമായ ക്രിസ്തുവിനെ അനുഗമിക്കുക എന്ന മാർഗ്ഗമേയുള്ളൂ. വെളിച്ചത്തിൽ നടക്കുവാൻ ആഗ്രഹിക്കുന്നവരും ക്രിസ്തുവിനെ പിൻപറ്റണം. എന്തെന്നാൽ ദൈവം വെളിച്ചമാകുന്നു. അവന്റെ മക്കൾ വെളിച്ചത്തിൽ നടക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. അപ്രകാരം ശുദ്ധീകരിക്കപ്പെട്ടവരായ ദൈവമക്കളായി നാം ഓരോ പന്തങ്ങൾ ആയി തീരണം. വെളിച്ചം പരത്തുന്ന ഇരുട്ടിനെ അകറ്റുന്ന പന്തങ്ങൾ. ●

## മേരി വർഗീസ് കർത്തൃസന്നിധിയിൽ



**മുംബൈ :** മുംബൈയിലെ പ്രാരംഭകാല പെന്തെകോസ്ത് പ്രവർത്തകൻ പരേതനായ പാസ്റ്റർ സി. എം. വർഗ്ഗീസിന്റെ സഹധർമ്മിണി നവി മുംബൈ ഐപിസി ഖാർഘർ സഭാവിശ്വാസി വടശ്ശേരിക്കര പടിഞ്ഞാറേ മണ്ണിൽ വല്ല്യത്ത് വീട്ടിൽ മേരി വർഗീസ് (85) നവി മുംബൈയിൽ നിര്യാതയായി.

മുംബൈ കുർളയിലെ പ്രവർത്തനങ്ങൾക്ക് പരേതനായ സി.എം. വർഗീസിനോടൊപ്പം ത്യാഗപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്.

മക്കൾ : ക്രിസ്റ്റാ, കൃപാ, ക്രിസ്റ്റി.

ഐപിസി ഖാർഘർ സഭയുടെ ആഭിമുഖ്യത്തിൽ നവിമുംബൈ സെക്ടർ–14 ക്രിസ്ത്യൻ സെമിത്തേരിയിൽ ജൂൺ 12–ന് മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി. ജോയിയുടെ നേതൃത്വത്തിൽ നടന്നു. ഗുഡ്ന്യൂസിന് വേണ്ടി മഹാരാഷ്ട്ര സ്റ്റേറ്റ് കോർഡിനേറ്റർ ബ്രദർ ജോൺ ജോസഫ് കുരീക്കാട്ടിൽ അനുശോചനം അറിയിച്ചു.

# ആദ്യജാതന്മാരുടെ ഉപവാസം



**Pr. Sunny P. Samuel**

ആചാരാനുഷ്ഠാനങ്ങളിൽ ജാഗരൂകരായ യെഹൂദന്മാർ ഒരു വർഷത്തിൽ ആറു ദിവസങ്ങൾ ഉപവാസദിനങ്ങളായി അനുഷ്ഠിക്കാറുണ്ട്. ഈ ഉപവാസങ്ങൾ പ്രധാനമായും പെരുന്നാളുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. വലിയ ഉപവാസം, ചെറിയ ഉപവാസം എന്നിങ്ങനെ രണ്ടായിട്ടാണ് ഈ ദിനങ്ങളെ തരം തിരിച്ചിരിക്കുന്നത്. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന ഉപവാസത്തെ ചെറിയ ഉപവാസം എന്നും പറയുന്നു. സൂര്യാസ്തമനം വരെയുള്ള 24 മണിക്കൂർ ആണ് ഒരു യെഹൂദാദിവസം. വലിയ ഉപവാസം ഈ നിലയിലാണു ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ ചെറിയ ഉപവാസം സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയുള്ള 12 മണിക്കൂർ നേരത്തെയാണ് ക്രമീകരിച്ചിരിക്കുന്നത്. കാഹളധ്വനിയുടെ ജ്ഞാപക ദിവസവും മഹാപാപ പരിഹാര ദിവസവും ആണ് വലിയ ഉപവാസ ദിനങ്ങൾ. ചെറിയ ഉപവാസ ദിനങ്ങൾ നാല് ആണ്. എന്നാൽ അഞ്ചാമതു മറ്റൊരു ഉപവാസദിനം കൂടിയുണ്ട്. അതു യിസ്രായേലിലെ എല്ലാവരും ആചരിക്കുന്ന പൊതു ഉപവാസദിനം അല്ല - ഒരു സമൂഹം മാത്രം അനുഷ്ഠിക്കുന്നതാണ്. അതാണ് ആദ്യജാതന്മാരുടെ ഉപവാസം.

യെഹൂദന്റെ ഉപവാസത്തിന്റെ ഒരു പൊതു ഘടകമാണ് ഭക്ഷണ വിതരണം. ഉപവസിക്കുന്നതിനു ഒത്തവണ്ണം അവർ ഭക്ഷണം വേർതിരിക്കുകയോ അതിനു തുല്യമായ പണം വേർതിരിക്കുകയോ ചെയ്തു സാധുക്കൾക്കു അതു കൊടുത്തിരിക്കണം. അല്ലായെങ്കിൽ ആ ഉപവാസം ഫലവത്തല്ല എന്നാണ് വിശ്വാസം.

ചെറിയ ഉപവാസ ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കും. രാവിലത്തെ പ്രാർത്ഥനയിൽ പുറ. 32:1-14; 34:1-10, ഭാഗങ്ങൾ വായിക്കും. ഈ ഭാഗങ്ങളിൽ ദൈവത്തിന്റെ പതിമൂന്നു ഗുണസ്വഭാവങ്ങൾ വിവരിച്ചിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനം ദൈവത്തിന്റെ കരുണയുടെ ബഹുത്വവും, ക്ഷമാശീലവും (Mercy of God and forgiveness of God). ഉച്ചകഴിഞ്ഞുള്ള പ്രാർത്ഥനയിൽ യെശയ്യാവു 55:6, 56:8 വരെയുള്ള ഭാഗം വായിക്കുന്നു. ദൈവത്തിന്റെ ക്ഷമാശീലം, യിസ്രായേലിന്റെ വീണ്ടെടുപ്പ്, ലോകത്തിന്റെ വീണ്ടെടുപ്പ് എന്നിവയാണ് പ്രതിപാദിച്ചിരിക്കുന്നത്.

**ആദ്യജാതന്മാരുടെ ഉപവാസം**

പെസഹ ആചരണവുമായി ബന്ധപ്പെട്ടാണ് ഈ ഉപവാസം. അന്നേദിവസം യിസ്രായേലിലെ സകല ആദ്യജാതന്മാരും ഉപവസിക്കുമായിരുന്നു. ഈ ദിനം പൊതു ഉപവാസദിനം അല്ല. ജൂത കലണ്ടർ പ്രകാരം ആബീബു മാസം (നീസാൻ) 13-ാം തീയതി സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള 12 മണിക്കൂർ ആണ് ഉപവാസ സമയം. 13-ാം തീയതി സൂര്യാസ്തമയം മുതൽ 14-ാം തീയതി ആരംഭിക്കുകയാണല്ലോ. അന്നേദിവസം പെസഹ പെരുന്നാൾ ആബീബുമാസം 13-ാം തീയതി ആദ്യജാതന്മാരുടെ സഭയുടെ (എബ്രാ. 12:22-23) ഉപവാസം.

യെഹൂദാ മതത്തിൽ ഉപവാസങ്ങൾക്കു നിരവധി ഉദ്ദേശ്യങ്ങൾ ഉണ്ട്. പാപപരിഹാരം, അനുസ്മരണയും കൃതജ്ഞതയും, അനുസ്മരണയും വിലാപവും എന്നിവയാണവ. ആദ്യജാതന്മാരുടെ ഉപവാസത്തിനു ഇവയുണ്ട്. ഉപവാസത്തിന്റെ അവിഭാജ്യ ഘടകമാണല്ലോ പാപപരിഹാരം. രണ്ടാമതായി അനുസ്മരണവും നന്ദികരേറ്റലുകളുമാണല്ലോ. ഇതിൽ രണ്ടു സംഭവങ്ങൾ ഉണ്ട്. ഒന്നാമതായി, മിസ്രയീമിൽ കടിഞ്ഞൂൽ സംഹാരം നടന്നപ്പോൾ ആ ബാധ യിസ്രായേലിനു ഏൽക്കാതെ ചോരത്തളിയിലൂടെ ദൈവം യിസ്രായേലിലെ ആദ്യജാതന്മാരെ രക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്തു (പുറ. 12:21-29). നിന്റെ പുത്രന്മാരിൽ ആദ്യജാതനെ ഒക്കെയും നീ വീണ്ടുകൊള്ളണം (പുറ. 13:13, 22:29, 34:20; സംഖ്യ. 3:40-43). ഇതിന്റെ ഓർമ്മയും നന്ദിയർപ്പണവുമാണ് ആദ്യജാതന്മാരുടെ ഉപവാസം. രണ്ടാമതായി, എസ്ഥേറിന്റെ കാലത്ത് ഹാമാന്റെ ഗൂഢാലോചനയിൽ നിന്നും യിസ്രായേൽ വംശം രക്ഷപ്പെട്ടതിന്റെ ഓർമ്മയും നന്ദി അർപ്പണമവുമാണ്. യെഹൂദാ വംശത്തെ മുടിക്കുവാൻ ഹാമാൻ ചീട്ടിട്ടു ഗൂഢാലോചന നടത്തി. ഇത് നീസാൻ മാസത്തിൽ അർത്ഥാൽ ആബീബു മാസത്തിൽ ആയിരുന്നു (എസ്ഥേർ 3:7). അതു നിവർത്തിപ്പാനായി ഒരുക്കിയത് ആദാർ മാസം 13-ാം തീയതിയായിരുന്നു. ഈ സംഭവത്തെ പെസഹാചരണവുമായും ഒപ്പം ആദ്യജാതന്മാരുടെ ഉപവാസവുമായി ചേർത്തു റബ്ബിമാർ പഠിപ്പിച്ചു. അന്നേദിവസം യെഹൂദൻ ഈ വിടുതലും ഓർക്കുന്നു, ദൈവത്തിനു നന്ദി അർപ്പിക്കുന്നു.

മൂന്നാമത്തെ വിഷയം അനുസ്മരണയും വിലാപവും ആണ്. ഈ സംഭവം ഒരു ആത്മീയ നഷ്ടത്തെ അനുസ്മരിച്ചുള്ള വിലാപമാണ്. യിസ്രായേലിൽ ആദ്യജാതന്റെ പൗരോഹിത്യ പദവി നഷ്ടം ഓർത്തുള്ള വിലാപമാണ്. പൗരോഹിത്യ പദവി ലേവിയിലേക്കു മാറ്റപ്പെടുന്നതു കാളക്കുട്ടി ആരാധനയോടുള്ള ബന്ധത്തിലാണല്ലോ. മഹാപുരോഹിതന്മാരും അഹരോന്റെ വംശപരമ്പരയിൽ ആദ്യജാതന്മാർക്കു വന്നു ചേർന്നു. അഹരോന്റെ അനുഗ്രഹം പുരോഹിതൻ ഉച്ചരിക്കുന്നതിനു മുൻപ് (സംഖ്യാ. 6:23-27) ലേവ്യനോ അവൻ ഇല്ലെങ്കിൽ ഒരു ആദ്യജാതനോ പുരോഹിതനോ കൈ കൾ കഴുകണമായിരുന്നു. വെള്ളം പോലെ തുളുമ്പുന്നവനായിരുന്ന രൂബേനിൽ നിന്നു പൗരോഹിത്യം ലേവിയിലേക്കു മാറ്റപ്പെട്ടപ്പോൾ ഒരു ആത്മീക നഷ്ടം രൂബേന്യ ഗോത്രത്തിനുണ്ടായി. യെരുശലേമിലെ ദൈവാലയത്തിൽഅഹരോന്യ പൗരോഹിത്യ പെസഹാ ദിവസം കാർമ്മിക ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ ഈ വിലാപം വർദ്ധിത

മായിത്തീരുമെന്നു പറയപ്പെടുന്നു.

അപ്പോൾ തന്നെ യിസ്രായേലിലെ സകല ആദ്യജാതന്മാരെയും മനുഷ്യന്റെയും മൃഗത്തിന്റെയും വീണ്ടെടുക്കുവാനുള്ള അവകാശവും ലേവിക്കു ലഭിച്ചു. അവൻ ദൈവത്തിനു പകരമായി നിന്നാണ് ഈ വീണ്ടെടുപ്പു നടത്തുന്നത്. ഒരു ഗോത്രത്തിനു സിദ്ധിച്ച അനുഗ്രഹം മറ്റൊരു ഗോത്രത്തിനു നഷ്ടമായി ഭവിച്ചു.

ചിട്ടവട്ടങ്ങൾ : ഭക്ഷണം വെടിഞ്ഞു ഉപവസിക്കുമെന്നും ആ ഭക്ഷണം സാധുക്കൾക്കു വിതരണം ചെയ്യുന്നതുമാണ് ഒന്നാമത്തെ ചിട്ട. രണ്ടാമതായി, അന്നേദിവസം അവൻ മൗനവ്രതം അനുഷ്ഠിക്കുന്നു. ''മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവൻ അതിന്റെ ഫലം അനുഭവിക്കും'' (സദൃ. 18:21) എന്ന വാക്യമാണ് ഇതിനു ആധാരമായിരിക്കുന്നത്. ഉപവാസ ദിവസം നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കുവാൻ അവൻ ശ്രദ്ധിക്കുന്നു.

യേശു മറിയയുടെ ആദ്യജാതനും ദൈവത്തിന്റെ ഏകജാതനും ആയിരുന്നു. യെഹൂദാ ആദ്യജാതൻ എന്ന നിലയിൽ യിസ്രായേലിന്റെ നാൽപതു വർഷത്തെ മരുഭൂമിയിലെ മത്സരത്തിന്റെയും വിശ്വാസത്യാഗത്തിന്റെയും പാപം ചുമന്നു നാൽപതു ദിവസം ഉപവസിക്കും. കർത്തൃമേശ ശുശ്രൂഷ സ്ഥാപിക്കുമ്പോൾ ''വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം'' (1 കൊരി. 11:24). ''എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും'' (യോഹ. 6:57). സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു'' (യോഹ. 6:51). ആദ്യജാതന്മാരുടെ ഉപവാസ ദിവസം അവർ വിതരണം ചെയ്യുന്ന ഭക്ഷണം കഴിക്കുന്നവൻ മരിക്കുന്നു. എന്നാൽ ആദ്യജാതനായ ക്രിസ്തു തന്റെ സ്വന്തശരീരം സാധുക്കളും ദരിദ്രരും വീണ്ടെടുപ്പു വില നൽകുവാൻ ത്രാണിയില്ലാത്ത മാനവർക്കായി നൽകി പാപമോചനവും വീണ്ടെടുപ്പും നൽകി. അങ്ങനെ ആദ്യജാതന്മാരുടെ സഭ എന്ന പുതി.യനിയമ സഭ (എബ്രാ. 12:22-23) രൂപം കൊണ്ടു. ആദ്യജാതന്മാർ ഉപവാസദിനം മൗനവ്രതം അനുഷ്ഠിക്കുന്നതുപോലെ യേശു ''വായെ തുറക്കാതെ രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരുന്ന ആടിനെപ്പോലെ മൗനമായിരുന്നു (യെശ. 53:7). ''യേശുവോ മിണ്ടാതിരുന്നു'' (മത്താ. 26:63). അവനോ മിണ്ടാതെയും ഉത്തരം പറയാതെയും ഇരുന്നു'' (മർക്കോ. 14:61). ''അവൻ ഒരു വാക്കിനും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു'' (മത്താ. 27:14). ആ മൗനവ്രതം നാം (ദൈവസഭ) നിത്യജീവന്റെ ഫലം അനുഭവിക്കേണ്ടതിനായിരുന്നു (സദൃ. 18:21). മഹത്വം അവന് എന്നന്നേക്കും ആമേൻ !! ●

## प्रार्थना-हमें प्रार्थना सिखा .....

आत्मा हमें परमेश्वर के मार्ग और वचन अर्थात यीशु की बातों की शिक्षा देता है। वह हमें प्रार्थना में अगुवाई करता है। हम नहीं जानते कि प्रार्थना किस रीती से करनी चाहिए, जैसे शिष्यों ने कहा, हमें प्रार्थना करने को सिखा क्योंकि वे नहीं जानते थे कि प्रार्थना किस रीती से करनी चाहिए। वैसे ही हम भी नहीं जानते कि प्रार्थना किस रीती से करनी चाहिए। यीशु ने अप्रत्यक्ष रूप में कहा, तुम्हारी प्रार्थना प्रभावी होने के लिए तुम्हें पवित्र आत्मा की जरूरत अथवा आवश्यकता है। पवित्र आत्मा हमारी दुर्बलता में सहायता करता है: क्योंकि हम नहीं जानते कि प्रार्थना किस रीती से करना चाहिए, परंतु आत्मा आप ही ऐसी आहें भर भर कर, जो बयान से बाहर हैं, हमारे लिए और पवित्र लोगों के लिए परमेश्वर की इच्छा के अनुसार विनती करता है (रो. ८:२६,२७)।

हे स्वर्गीय पिता, हमें प्रभावी प्रार्थना करने के लिए अपना पवित्र आत्मा हमें दे। आमीन। ●

## ഞാൻ വളരേണം ... ഞാൻ മാത്രം ... തുടർച്ച

കയറാൻ മടിക്കുന്നവരാണ് തങ്ങളുടെ പാനൽ പരിചയപ്പെടുത്തുവാൻ രാപകലില്ലാതെ ഓടുന്നത്. ഒന്നാമൻ ആകുവാനുള്ള ഈ ഓട്ടത്തിൽ മറ്റുള്ള വരെ ചവിട്ടി താഴ്ത്താൻ മടിയൊട്ട് ഇല്ല താനും.

ആഹാബിന്റെ ശക്തിയുള്ള കുതിരകൾക്ക് മുമ്പേ യിസ്രായേൽ വരെ ഓടിയ അരോഗ ദൃഢഗാത്രനായ ഏലിയാവിനോട് തനിക്ക് പകരം പ്രവാചകനായി മറ്റൊരാളിനെ നിയോഗിക്കണമെന്ന് പറഞ്ഞാൽ...

പക്ഷേ ഒരു തർക്ക വിതർക്കങ്ങളും നടത്താതെ എലീശയെ അഭിഷേകം ചെയ്യാൻ ഏലിയാവ് കാണിച്ച ആ മനസ്സ് മാത്രം ഇന്നത്തെ നേതൃത്വം ശ്രദ്ധിക്കുന്നില്ല. വലിപ്പം ഭാവിക്കരുതെന്ന് പൗലോസ് അപ്പോസ്തലൻ (റോമർ 12:16). മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പാകെ അറപ്പാണെന്ന് യേശു കർത്താവ് (ലൂക്കോ.16: 15).

നേതൃത്വത്തിൽ എത്താൻ കലപിലകൂടിയ ശിഷ്യന്മാരെ യേശു ബുദ്ധി ഉപദേശിച്ചത് ഒരു ശിശുവിനെ ചേർത്തു നിർത്തിയാണ് (മർക്കോ. 9:33-37).

ആ ഭാഗവുമായി ബന്ധപ്പെട്ട് എവിടെയോ വായിച്ച ഒരു നുറുങ്ങ് കവിത മനസ്സിൽ വരുന്നു: ശിശുതുല്യ നൈർമല്യം ഏശിടാത്തോൻ, ഒരുനാളും ദൈവരാജ്യം കാണുകില്ല. ●


MATRIMONY

WANTED BRIDEGROOM

Christian Pentecostal Parents Settled in Navi Mumbai.
Proposal for their Born Again Daughter Age 27
(22/06/1994) / 158 cm. Completed her MBA Finance.
Currently She is working in Mumbai in a Finance Company.
Seeking for Alliance From Parents of Eligible
Malayali Pentecostal Boy, Spiritual and Post Graduate,
Preferably Raised Outside Kerala and working in
Abroad or Interested to Migrate in
UK, Canada, Australia, Ireland or any other Western Countries

FOR FURTHER DETAILS CONTACT:
Mobile & Whatsapp: +91 9821236319 / Mobile: +91 9969072119
varghese20763@gmail.com

# ഞാൻ വളരേണം ... ഞാൻ മാത്രം



**Biju P. Samuel**, West Bengal

യേശുവിന്റെ കാലത്ത് നടന്ന ഒരു സംഭവം നാടൻ ശൈലിയിൽ ഒന്നു വിശദമാക്കാം: യേശുവിനെ അറിഞ്ഞ ഒരു വ്യക്തി ഒരു സുവിശേഷ മീറ്റിംഗ് നടത്തുകയായിരുന്നു. അപ്പോഴാണ് യേശുവിന്റെ ശിഷ്യന്മാർ ആ വഴി പോയത്. അവർ അടുത്തു ചെന്നു നോക്കി. ഭൂതശാന്തി ശുശ്രൂഷ ഒക്കെ കാര്യമായി നടക്കുന്നുണ്ട്, അതും യേശുവിന്റെ നാമത്തിൽ. പക്ഷേ മീറ്റിംഗ് നടത്തുന്നവൻ തങ്ങളുടെ ഗ്രൂപ്പിൽ ഉള്ളവൻ അല്ല, തങ്ങൾക്ക് ഒട്ട് പരിചയവുമില്ല, അതവർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ശിഷ്യന്മാർ അടുത്തുചെന്ന് ഇടങ്കോലിട്ടു. മീറ്റിംഗ് നിർത്തിച്ചു. മൈക്ക് സെറ്റ് ഓഫ് ആക്കിച്ചു. മേലാൽ ഇവിടെങ്ങും കണ്ടേക്കരുതെന്ന് ഒരു ചെറിയ താക്കീതും നൽകി കാണും.

വൈകിട്ട് ശിഷ്യന്മാർ റിപ്പോർട്ടുമായി യേശുവിന്റെ അരികിലെത്തി. ചെയ്ത വീരകൃത്യങ്ങളുടെ കൂട്ടത്തിൽ തങ്ങളോടൊപ്പം യേശുവിനെ അനുഗമിക്കാത്തവനെ വിലക്കിയ കാര്യവും പങ്കുവെച്ചു. എന്നാൽ യേശു അവരോട് പറഞ്ഞ മറുപടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവനെ വിരോധിക്കരുത് (ലൂക്കോ. 9:49-50).

ഇന്ന് അസഹിഷ്ണുത പെരുകുകയാണ്. തങ്ങളുടെ കൂടെ അല്ലാത്തവരെ അപകീർത്തിപ്പെടുത്തുന്ന സ്ഥിതി വർദ്ധിക്കുന്നു. തങ്ങൾക്ക് ചെയ്യാൻ ആവാത്തതും തങ്ങളുടെ ഒപ്പമല്ലാത്തവരും ചെയ്യുന്നത് വിലക്കപ്പെടേണ്ടതാണെന്ന ചിന്ത ആധുനിക ശിഷ്യരും തുടരുന്നുണ്ട്.

കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം മാത്രമായി തന്നെ വെളിപ്പെടുത്തുവാൻ ആണ് യോഹന്നാൻ സ്നാപകൻ ആഗ്രഹിച്ചത്. യേശു വളരേണം, ഞാനോ കുറയേണം എന്നതായിരുന്നു യോഹന്നാന്റെ എപ്പോഴത്തെയും പ്രാർത്ഥന.

നമ്മെയെല്ലാം കർത്താവ് യോഹന്നാന്റെ ഒരു ശുശ്രൂഷ ഏൽപിച്ചിട്ടുണ്ട്. പലരുടെയും ഹൃദയങ്ങളിലേക്ക് യേശുവിന് പ്രവേശിക്കുവാൻ വഴി ഒരുക്കേണ്ടവരാണ് നാം. എന്നാൽ യോഹന്നാൻ സ്നാപകനിൽ നിന്ന് വ്യത്യസ്തമായി ഞാൻ വളരേണം, ഞാൻ മാത്രം... എന്ന ചിന്തയാണ് ഇന്ന് പ്ര ബലപ്പെട്ടുകൊണ്ടിരിക്കുന്നത്. മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതണമെന്ന് നാം പ്രസംഗിക്കുന്നു. പക്ഷേ 'വിശുദ്ധ ഭൃത്യൻ' എന്ന് കേൾക്കുന്നതിനേക്കാൾ 'ഞാൻ ശ്രേഷ്ഠൻ' എന്ന് കേൾക്കാനാണ് നമുക്കിഷ്ടം. മറ്റുള്ളവനേക്കാൾ ഞാൻ മിടുക്കൻ. ആയതിനാൽ എന്നെ തെരഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിച്ചു ഇലക്ഷമ്പൂരം നാം പൊടി പൊടിക്കുകയും ചെയ്യുന്നു. സഹപ്രവർത്തകനോടുള്ള സ്നേഹം ഇന്ന് എവിടെ? കേസും കോടതിയും ഒഴിഞ്ഞിട്ട് നിവരെ നിൽക്കാനാവാത്ത സ്ഥിതി.

വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ ഒത്തിരിക്കുന്നു എന്ന് യേശു വിമർശിച്ചത് പരീശ-ശാസ്ത്രീ സമൂഹത്തെ മാത്രമായി ചിത്രീകരിക്കേണ്ട. അകം മുഴുവൻ കൈപ്പും കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്ന നമ്മോടും ഉള്ളതാണ് ആ സന്ദേശം.

കടിച്ചുകീറുന്ന വന്യമൃഗങ്ങളെ സൂക്ഷിക്കുക എന്ന മുന്നറിയിപ്പ് നാം കണ്ടിട്ടുണ്ട്. എന്നാൽ യേശു കർത്താവ് വന്യമൃഗങ്ങൾക്ക് എതിരെയല്ല വന്യവാസനയുള്ള മനുഷ്യർക്ക് എതിരെയാണ് മുന്നറിയിപ്പ് തരുന്നത്. മൃഗതുല്യ ദുഷ്ടതയും കടിച്ചുകീറുന്ന പ്രവണതയും അകത്ത് സൂക്ഷിക്കുന്ന ആധുനിക ചെന്നായ്ക്കളും കള്ളപ്രവാചകരും ഇന്നും അരങ്ങു തകർക്കുന്നു. ഉപായ രൂപേണ ആളുകളുടെ സമ്പാദ്യം വിഴുങ്ങാൻ അവർ പ്രത്യേകം പരിശീലനം സിദ്ധിച്ചവരാണ്. അങ്ങനെയുള്ള മനുഷ്യരെ സൂക്ഷിക്കണമെന്ന് കർത്താവ് മുന്നറിയിപ്പ് നൽകുന്നു.

പക്ഷേ എന്ത് ചെയ്യാം? ഇന്നത്തെ പല വിശ്വാസികളും പിന്നെ നേതൃത്വത്തോട് ഒപ്പം ഒട്ടി നില്ക്കുന്ന ശുശ്രൂഷകരും ഫലത്താൽ അവരെ തിരിച്ചറിയുന്നതിനു പകരം പ്രസംഗത്താലും അവരുടെ മാന്യത നിറച്ച ഇടപെടലിലും അവരെ തിരിച്ചറിയാന് ശ്രമിക്കുന്നു (മത്താ. 7: 15-16).

അവർ പുറമേ ചിരിക്കുന്നു, സൗഹൃദ്യമായി ഇടപെടുന്നു, സ്നേഹത്തോടെ കാര്യങ്ങൾ ചോദിച്ചറിയുന്നു, പക്ഷേ അവരുടെ ഉള്ളിൽ നിഗൂഢത കൾ നിറഞ്ഞിരിക്കുന്നു. ചതിയും വഞ്ചനയും ഒട്ടും കുറവുമല്ല.

എന്നാൽ ഇതൊരു കപട താഴ്മയാണെന്ന് പലരും തിരിച്ചറിയുന്നില്ല. അവരുടെ സ്നേഹപ്രകടനവും സൗമ്യത നിറച്ച സംസാരവും കേൾക്കുമ്പോൾ എളിമയുടെ ഉത്തമ ഉദാഹരണമായി അവർ വാഴ്ത്തപ്പെടുന്നു. പരീശന്മാരെപ്പോലെ തന്നെ അവർ മുഖ്യാസനം തേടുന്നവർ ആണ്. അവരുടെ പ്രധാനലക്ഷ്യവും അവർ ആഴമായി സ്നേഹിക്കുന്നതും കസേരയെ തന്നെ. ആധിപത്യവും പ്രാമാണിത്വവും ആഗ്രഹിക്കുന്നവർ...

രണ്ട് സുവിശേഷ ലഘുലേഖയുമായി ഒരു അക്രൈസ്തവ വീടുപോലും

« 23

# Scenes from Jalgaon District of IPC Maharashtra





Covid Vaccination drive at Chalisgaon, Jalgaon with Govt. Community Workers








Different village meetings at Jalgaon

# Scenes from Nagpur District of IPC Maharashtra



Ladies Meeting



Youth Meeting



Childrens Meeting



Our Team members at Navapur

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93

## Scenes from Amaravati District of IPC Maharashtra




**Food for all poor at Amaravati streets**